മാറാട് കൂട്ടക്കൊലയുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തവരുടെ വിശദവിവരങ്ങൾ

43 (3788) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മെയ് 2-ന് മാറാട് കൂട്ടക്കൊലയുമായി ബന്ധപ്പെട്ട് ഇതേവരെ അറസ്റ്റു ചെയ്യപ്പെട്ട ആളുകളുടെ പേരുവിവരവും അവർ ഏത് രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടാണ് പ്രവർത്തിച്ചിരുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) ഇവർ അതാത് രാഷ്ട്രീയ പാർട്ടികളിൽ അംഗത്വമുള്ളവർ ആണോ ;

(സി) എങ്കിൽ ബന്ധപ്പെട്ട രാഷ്ട്രീയ പാർട്ടികളിൽ ഇവരുടെ സ്ഥാനം അല്ലെങ്കിൽ ഏത് നിലയിലാണ് ഇവർക്ക് രാഷ്ട്രീയ പാർട്ടിയുമായി ബന്ധം എന്നിവ സംബന്ധിച്ച വിശദവിവരം വ്യക്തമാക്കാമോ ;

(ഡി) പ്രതികളും, രാഷ്ട്രീയ പാർട്ടികളുമായുള്ള അവരുടെ ബന്ധവും കണക്കാക്കിയത് ഏത് നിലയിലുള്ള പരിശോധനയിലൂടെയാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) മാറാട് സംഭവവുമായി ബന്ധപ്പെട്ട് കോഴിക്കോട് ക്രൈംബ്രാഞ്ച് യൂണിറ്റിൽ രജിസ്റ്റർ ചെയ്ത ക്രൈം.116/സി.ആർ/2003 നമ്പർ കേസിൽ 135 പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) പ്രതികൾക്ക് കുറ്റകൃത്യവുമായിട്ടുള്ള പങ്കിനെക്കുറിച്ച് വിശദമായി അന്വേഷിച്ചു വരുന്നതിനാൽ രാഷ്ട്രീയ പാർട്ടികളിൽ അവർക്കുള്ള സ്ഥാനം ബന്ധം എന്നിവയെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടില്ല.

(ഡി) പ്രതികളോട് നേരിട്ട് ചോദിച്ചറിഞ്ഞതിൽ നിന്നും ടി സ്ഥലത്തെ ബന്ധപ്പെട്ട ആളുകളോട് അന്വേഷിച്ചറിഞ്ഞതിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്.

വിനീതയെയും കുടുംബത്തെയും ഉപദ്രവിക്കുന്നവർക്കെതിരെ നടപടി

44 (3782) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ 'പാതിരപ്പറ്റയിൽ' വിനീത ഭവനിൽ 'വിനീത ആർ കോട്ടായ്' എന്ന സ്ത്രീക്കെതിരെ നടത്തുന്ന അതിക്രമങ്ങളെക്കുറിച്ച് 29-6 -2003-ൽ 'മലയാള മനോരമ'യിൽ വിപ്ലവത്തിന്റെ 'ഇര' എന്ന പേരിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ഒരു അന്വേഷണത്തിന് ഉത്തരവ് നൽകുമോ ;

(സി) വിനീതയെയും കുടുംബത്തെയും വർഷങ്ങളായി ഉപദ്രവിക്കുന്ന വർക്കെതിരെ അടിയന്തിര നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly